1/7/17

(60)

**പ്രേഷിതൻ**

സക്കീർ
കാരുപറമ്പിൽ
അറക്കുളം post, 679332

**സ്വീകർത്താവ്**

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സാമൂഹ്യ നീതി ഓഫീസ്
മലപ്പുറം, സിവിൽ സ്റ്റേഷൻ

സർ,

വിഷയം : വിവരാവകാശ നിയമം (2005) ലെ 4-ാം വകുപ്പ് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങളും രേഖകളും ലഭിക്കുന്നതിന്.

സൂചന : പൊതുഭരണ വകുപ്പിന്റെ നമ്പർ 8822/cdn-5/2010 ~~9AD~~ GAD. 18.02.2010 സർക്കുലർ.

2005 ലെ വിവരാവകാശ നിയമം അനുസരിച്ച് (സെക്ഷൻ 4(b) ) താങ്കളുടെ ഓഫീസ് സ്വമേധയാ വെളിപ്പെടുത്തേണ്ട വിവരങ്ങളും രേഖകളും സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നു താൽപര്യപ്പെടുന്നു.

Q.1. സെക്ഷൻ 4 ബി (i) പ്രകാരം ഈ അധികാരസ്ഥാപനത്തിന്റെ ഘടനയുടെയും, ചുമതലകളുടെയും, കർത്തവ്യങ്ങളുടെയും വിവരങ്ങളും പ്രസിദ്ധീകരിച്ചിരിക്കേണ്ടതാണ്. അവ പ്രസിദ്ധീകരിച്ചതിന്റെ കോപ്പി, പ്രസിദ്ധീകരിച്ച തിയ്യതിയും വർഷവും.

Q.2. ഇത് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ, ആയതിന്റെ കാരണവും, അതു രേഖപ്പെടുത്തിയ ഫയൽ നോട്ടിന്റെ പകർപ്പും.

Q.3. സെക്ഷൻ 4 ബി (ii) പ്രകാരം, ഈ ഓഫീസിലെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും അധികാരങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ച് വിവരങ്ങൾ പ്രസിദ്ധീകരിച്ചതിന്റെ രേഖകൾ.

Q.4. സെക്ഷൻ 4 ബി (iii) പ്രകാരം ഈ ഓഫീസിന്റെ മേൽനോട്ടത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും വഴികൾ ഉൾപ്പെടെ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പാലിക്കേണ്ട നടപടി ക്രമങ്ങൾ പ്രസിദ്ധീകരിച്ചതിന്റെ വിവരങ്ങളും, ആയതിന്റെ കോപ്പിയും.

Q.5. സെക്ഷൻ 4 ബി (iv,v) പ്രകാരം ഈ ഓഫീസ് അതിന്റെ ചുമതലകൾ നിറവേറ്റുന്നതിനായി അതിന്റെ ജീവനക്കാർ ഉപയോഗിക്കുന്ന ചട്ടങ്ങളും, റഗുലേഷനുകളും, നിർദ്ദേശങ്ങളും മാന്വലുകളും, പൊതുജനാവശ്യാർത്ഥം പ്രസിദ്ധീകരിച്ചതിന്റെ വിവരങ്ങൾ.

Q.6. സെക്ഷൻ 4 ബി (vi) പ്രകാരം ഈ ഓഫീസിന്റെ കൈവശത്തിലോ, നിയന്ത്രണത്തിലോ ഉള്ള പ്രമാണങ്ങളുടെ തരം തിരിച്ച സ്റ്റേറ്റ്മെന്റ് പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. ആയതിന്റെ കോപ്പി.

P.T.O

[redacted]

Q.8. സെക്ഷൻ 4 ബി (vii) പ്രകാരം, ഈ ഓഫിസിന്റെ നയരൂപീകരണ [redacted] നടപ്പാക്കുന്നതു സംബന്ധിച്ചോ, പൊതുജനങ്ങളുമായി കൂടിയാലോചിക്കുന്നതിനും അല്ലെങ്കിൽ അവരാൽ പ്രതിനിധീകരിക്കപ്പെടുന്നതിനും എന്തെങ്കിലും ക്രമീകരണം ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങളും, രേഖകളുടെ പകർപ്പും നൽകുക.

Q.9. സെക്ഷൻ 4 ബി (ix) പ്രകാരം, ഈ ഓഫീസിലെ ഓഫീസർമാരുടെയും ജീവനക്കാരുടെയും ഒരു ഡയറക്ടറി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ആയതിന്റെ കോപ്പി ലഭ്യമാക്കുക.

Q.10. സെക്ഷൻ 4 ബി (x) പ്രകാരം, ഈ ഓഫീസ് അതിന്റെ റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാനിരിക്കുന്ന നഷ്ടപരിഹാര രീതി ഉൾപ്പെടെ ഓരോ ഓഫീസർമാരും, ജീവനക്കാരും വാങ്ങുന്ന പ്രതിമാസവേതനം പ്രസിദ്ധീകരിക്കേണ്ടതാണ്. ആയതിന്റെ കോപ്പി ലഭ്യമാക്കുക.

Q.11. സെക്ഷൻ 4 ബി (xii), (xiii) പ്രകാരം, ധനസഹായ പരിപാടികളുടെ നടത്തിപ്പിന്റെ രീതി, അത്തരം പരിപാടികളുടെ ഗുണഭോക്താക്കളുടെ വിശദ വിവരങ്ങളും നീക്കിവച്ചിട്ടുള്ള തുകകൾ ഉൾപ്പെടെ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ആയതിന്റെ കോപ്പി ലഭ്യമാക്കുക.

Q.12. സെക്ഷൻ 4 ബി (xiv) പ്രകാരം ഈ ഓഫീസ് എന്തൊക്കെ വിവരങ്ങളാണ് ഇലക്ട്രോണിക് രൂപത്തിലേക്ക് സംഗ്രഹിച്ചിട്ടുള്ളതെന്ന് ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കുക.

Q.13. ഈ ഓഫീസിൽ നിന്നും അനുവദിക്കപ്പെട്ടിട്ടുള്ള ബഡ്ജറ്റും (2010-11, 11-12, 12-13, 13-14, 14-15 സാമ്പത്തിക വർഷം) പദ്ധതികളും, ആയതിന്റെ വരവു ചെലവു കണക്കുകളും, പണം നൽകിയത് സംബന്ധിച്ച് പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളും, ആയത് പൊതുജന ആവശ്യാർത്ഥം പ്രസിദ്ധീകരിച്ചതിന്റെ രേഖകളും ലഭ്യമാക്കുക.

Q.14. പൗരന്മാർക്ക് വിവരങ്ങൾ നേടുന്നതിന് ലഭ്യമാക്കിയ സൗകര്യങ്ങളും സൗകര്യങ്ങൾ ഏർപ്പെടുത്തിയതു സംബന്ധിച്ച വിശദവിവരങ്ങളും രേഖകളും.

Q.15. പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ പേരുകൾ, ഉദ്യോഗപ്പേരുകൾ മറ്റു വിശദാംശങ്ങൾ എന്നിവ എഴുതി പ്രദർശിപ്പിച്ചതിന്റെ രേഖകൾ.

Q.16. ഇങ്ങനെ പ്രസിദ്ധീകരിക്കാൻ ആവശ്യമായി വന്ന ചിലവുകളുടെ വിവരങ്ങളും രേഖകളും.

Q.17. ചോദ്യം 1 - 16 വരെ പറഞ്ഞ കാര്യങ്ങൾ വിവരാവകാശനിയമം 2005 ന്റെ സെക്ഷൻ 4 പ്രകാരം 2005 ൽ തന്നെ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. (നിയമം നടപ്പിലായി 120 ദിവസത്തിനുള്ളിൽ) ആയതു പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ, ആയതിന്റെ കാരണം രേഖപ്പെടുത്തിയ ഫയൽ നോട്ടിന്റെ പകർപ്പ്.

എന്ന്

വിശ്വാസപൂർവ്വം

BAKKER HUSSAIN
KAVUMPARAMPIL
MAMPATTUMOOLA
PIN.679 332 - INDIA

[signature] 1/7/17